ഉത്തരം

(എ) അങ്ങനെയൊരു നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പിന്നോക്ക ജില്ലയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയുടെ സർവ്വതോമുഖമായ വികസനത്തിന് ഈ ലൈൻ അത്യാവശ്യമാണെന്നും ലാഭനഷ്ടങ്ങളെപ്പറ്റി ചിന്തിക്കുന്നതിനുമുപരിയായി ഈ ലൈനിന്റെ പ്രയോജനത്തെ കണക്കിലെടുക്കണമെന്നും ഈ ലൈൻ എപ്രകാരം ലാഭകരമാക്കാമെന്ന് പരിശോധിക്കണമെന്നും സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തെപ്പറ്റി തെളിവെടുത്ത റെയിൽ ടാരിഫ് എൻക്വയറി കമ്മിറ്റിയോടഭ്യർത്ഥിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ വെടിമരുന്നു നിർമ്മാണം

1383 [2242] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ യാതൊരു നിയന്ത്രണവും ഇല്ലാതെ വെടിമരുന്നു നിർമ്മാണം കുടിൽവ്യവസായമെന്നപോലെ നടക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) 1979 ജനുവരിമാസത്തിൽ തൃശ്ശൂരിലെ അഞ്ചേരി എന്ന സ്ഥലത്ത് വെടിമരുന്നു നിർമ്മാണ ശാലയ്ക്കു തീപിടിച്ചതു മൂലം മരിച്ചവരുടെ കുടുംബത്തിന് എന്തെങ്കിലും സഹായം ഗവൺമെന്റിൽ നിന്ന് നൽകുകയുണ്ടായോ;

(സി) ഈ അപകടത്തെപ്പറ്റി അന്വേഷണം നടത്തിയോ;

(ഡി) ലൈസൻസിയുടെ അനാസ്ഥമൂലമാണ് ഈ അപകടം ഉണ്ടായതെന്നുള്ള ആരോപണം ശരിയാണോ?

ഉത്തരം

(എ) ഇല്ല.

(ബി) മരണമടഞ്ഞ കാർത്ത്യായനിയുടെ അമ്മയ്ക്കു ആയിരം രൂപയും, മരിച്ചുപോയ അന്നാമ്മയുടെ പുത്രനു ആയിരം രൂപയും മരിയ്ക്കുന്നതിനു മുൻപ് മേരിക്ക് നൂറു രൂപയും മേരിയുടെ മകനു നൂറുരൂപയും നൽകിയിട്ടുണ്ട്.

(സി) തൃശ്ശൂർ ആർ.ഡി.ഒ. അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

(ഡി) അന്വേഷണം പൂർത്തിയായതിനുശേഷമേ പറയുവാൻ സാദ്ധ്യമാകൂ.

കോടതികൂടം

1384 [2243] ശ്രീ. ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര സെക്കൻറ് ക്ലാസ് മജിസ്ട്രേറ്റു കോടതികൾ ഫസ്റ്റ് ക്ലാസ് കോടതികളായി ഉയർത്തിയിട്ടുണ്ട്;

(ബി) പറവൂർ മജിസ്ട്രേറ്റു കോടതി ഫസ്റ്റ് ക്ലാസ് കോടതിയായി ഉയർത്തുന്നതിന് ജില്ലാ ജൂഡിസ്ഡിക്ഷൻ കമ്മിറ്റിയുടെ നിർദ്ദേശം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കോടതി ഫസ്റ്റ് ക്ലാസായി ഉയർത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1979 ൽ ഇതുവരെയായി ഒരു രണ്ടാം ക്ലാസ് കോടതി ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയായി ഉയർത്തിയിട്ടുണ്ട്.

(ബി) ഹൈക്കോടതിയുടെ ശുപാർശ കിട്ടിയിട്ടുണ്ട്. ജില്ലാ ജഡ്ജിസ് ഡിക്ഷൻ കമ്മിറ്റിയുടെ നിർദ്ദേശം പരിശോധിച്ചതിനുശേഷമാണ് ഹൈക്കോടതി സാധാരണയായി ശുപാർശ ചെയ്യുന്നത്.

(സി) ഇത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

സബ് കോടതി സ്ഥാപിക്കാൻ നടപടി

1385 [2244] ശ്രീ. ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂരിൽ അഡീഷണൽ സബ് കോടതി സ്ഥാപിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ എടുത്തിട്ടുണ്ടോ?

ഉത്തരം

(എ, ബി) തീരുമാനം എടുത്തിട്ടില്ല. പക്ഷെ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

തടവുകാർ

1386 [2245] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ വധശിക്ഷ കാത്തുകിടക്കുന്ന തടവുകാർ എത്ര;

(ബി) കൊലക്കുറ്റത്തിന് ജയിൽശിക്ഷ അനുഭവിക്കുന്നവർ എത്ര;

(സി) കൊലക്കുറ്റത്തിനു ജയിൽശിക്ഷ അനുഭവിക്കുന്ന എത്ര തടവുകാർക്ക് രാഷ്ട്രീയ തടവുകാർക്കുള്ള ആനുകൂല്യങ്ങൾ ഇപ്പോൾ നൽകുന്നുണ്ട്;

(ഡി) ഇവർ ഏതു രാഷ്ട്രീയ പാർട്ടിയിൽ പെട്ടവരാണ്;

(ഇ) ഇവരുടെ പേരുകൾ പറയാമോ?

ഉത്തരം

(എ) 5 പേർ

(ബി, സി, ഡി, ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly